Website:http://www.kwa.kerala.gov.in

Fax: 91-0471-2324903
Tel: 0471-2328654

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. 25401/AO(RMC)/2021/കെ ഡബ്ല്യു എ

തീയതി: 18.01.2022

**സർക്കുലർ**

വിഷയം:- പരാതികൾ പരിഹരിക്കുന്നതിന് ഒരു സ്പെഷ്യൽ അദാലത്തു സംഘടിപ്പിക്കുന്നത് സംബന്ധിച്ച്

സൂചന :- 1) 26/11/2019 ലെ ഉത്തരവ് നമ്പർ.KWA/HO/SDC/821/12 VOL II
2) 05/02/2020 ലെ സർക്കുലർ നമ്പർ.KWA/HO/RMC/R1/500/2019
3) 17/12/2021 ലെ ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത് നമ്പർ.KRWSA/PMU/3338/2017-TA(OP)
4) 15/12/2021ലെ സുൽത്താൻ ബത്തേരി എക്സിക്യൂട്ടീവ് എൻജിനീയറുടെ കത്ത് നമ്പർ. No.E2-847-LSGD/PHD/2021

കേരള വാട്ടർ അതോറിറ്റിയുടെ 11/2021ലെ DCB പ്രകാരം ജലനിധിക്ക് ബൾക്ക് വാട്ടർ സപ്ലൈ പ്രകാരം നൽകുന്ന കുടിവെള്ളത്തിന്റെ കുടിശ്ശിക 19 കോടി രൂപയിൽപരമുണ്ട്. ടി കുടിശ്ശിക തുക സംബന്ധിച്ച ചില പരാതികൾ ജലനിധി നൽകിയിട്ടുണ്ട്. പ്രസ്തുത പരാതികൾ പരിഹരിച്ച് കുടിശ്ശിക തുക ലഭ്യമാക്കുന്നതിനും സമാന സ്വഭാവമുള്ള മറ്റ്പരാതികൾ തീർപ്പാക്കുന്നതിനും വേണ്ടി സർക്കിൾ തലത്തിൽ ഒരു സ്പെഷ്യൽ അദാലത്ത് നടത്തേണ്ടതാണ്. 2020-21 ൽ നടന്ന അദാലത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ സ്പെഷ്യൽ അദാലത്തിനും ബാധകമാണ്. കൂടാതെ താഴെ പറയുന്ന കാര്യങ്ങൾ കൂടി അദാലത്തു നടത്തുമ്പോൾ കണക്കിലെടുക്കേണ്ടതാണ്.

1 ) ജലനിധിയുടെ പരാതികൾ പരിഹരിക്കുമ്പോൾ ആദ്യ സൂചനയിലെ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങൾ കൂടി പരിഗണിക്കേണ്ടതാണ്.
2 ) ജലനിധി ആവശ്യപ്പെടുന്നപക്ഷം കുടിശ്ശിക തുക OTS പ്രകാരം തീർപ്പ കല്പിക്കേണ്ടതാണ്.
3 ) സ്പെഷ്യൽ അദാലത്തിന്റെ കാലാവധി 15 /02/2022 വരെയായിരിക്കും.
4) അദാലത്തു ബെഞ്ചിൽ സൂപ്രണ്ടിങ് എൻജിനീയർ, ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എൻജിനീയർ, അക്കൗണ്ട്സ് ഓഫീസർ, റവന്യൂ ഓഫീസർ എന്നിവർ അംഗങ്ങളായിരിക്കും.
5) പരാതികൾ പരിഹരിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം അദാലത്തു ബഞ്ചിൽ നിക്ഷിപ്തമാണ്.
6) ബന്ധപ്പെട്ട ചീഫ് എൻജിനീയർമാർ യഥാസമയം അദാലത്തിന്റെ പുരോഗതി വിലയിരുത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

**വെങ്കടേസപതി എസ്., ഐ .എ .എസ്.**
മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

Draft #1 of File 25401/AO(RMC)/2021/KWA Approved by Managing Director on 18-Jan-2022 04:56 PM - Page 1

എല്ലാ ചീഫ് എൻജിനീയർമാർക്കും
എല്ലാ സൂപ്രണ്ടിങ് എൻജിനീയർമാർക്കും
എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും

പകർപ്പ്:-

PA TO MD/PA TO AM/PA TO TM/FM&CAO/CE(HRD)/SF

Draft #1 of File 25401/AO(RMC)/2021/KWA Approved by Managing Director on 18-Jan-2022 04:56 PM - Page 2

The document is digitally approved. Hence signature is not needed.